098/2026-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

098/2026-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. മഹാജനപദങ്ങളെക്കുറിച്ചുള്ള ശരിയായ പ്രസ്താവന ഏത്?

(i) BCE 6-ാം നൂറ്റാണ്ടിലാണ് മഹാജനപദങ്ങൾ വളർന്നുവന്നത്

(ii) തെക്കേ ഇന്ത്യയിൽ രൂപം കൊണ്ട രാഷ്ട്രങ്ങളുടെ ആദ്യ ഘടകങ്ങൾ ആണ് മഹാജനപദങ്ങൾ

(iii) ഓരോ മഹാജനപദങ്ങൾക്കും കോട്ടകൾകെട്ടി സംരക്ഷിക്കപ്പെട്ട തലസ്ഥാന നഗരങ്ങൾ ഉണ്ടായിരുന്നു

(iv) മഹാജനപദങ്ങൾ ശരിയായി വളർന്നുവന്നത് CE 6-ാം നൂറ്റാണ്ടിൽ മാത്രമാണ്.

(A) (i), (ii) മാത്രം (B) (i), (iii) മാത്രം

(C) (ii), (iii) മാത്രം (D) (ii), (iv) മാത്രം

2. പഞ്ചാബിലെ ഹിന്ദുമുസ്ലീം സിക്ക് വിഭാഗത്തിൽപ്പെട്ട ഭൂഉടമകളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ട രാഷ്ട്രീയ പാർട്ടി :

(A) യൂണിയനിസ്റ്റ് പാർട്ടി (B) സ്വരാജ് പാർട്ടി

(C) അഭിനവ ഭാരത് (D) അകാലിദൾ

3. വട്ടമേശ സമ്മേളനങ്ങളുമായി ബന്ധപ്പെട്ട് ശരിയായ വാക്യങ്ങൾ ഏതൊക്കെ?

(i) വട്ടമേശ സമ്മേളനങ്ങൾ നടന്നത് കൽക്കട്ടയിലാണ്

(ii) എല്ലാ വട്ടമേശ സമ്മേളനങ്ങളിലും ഗാന്ധിജി പങ്കെടുത്തിരുന്നു

(iii) ഗാന്ധി-ഇർവിൻ സന്ധി പ്രകാരമാണ് രണ്ടാം വട്ടമേശ സമ്മേളനം ചേരുന്നത്

(iv) രണ്ടാം വട്ടമേശ സമ്മേളനത്തിൽ മാത്രമാണ് ഗാന്ധിജി പങ്കെടുത്തത്

(A) (i), (ii) മാത്രം

(B) (i), (iii) മാത്രം

(C) (iii), (iv) മാത്രം

(D) (i), (ii), (iii), (iv) (ഇവയെല്ലാം)

4. 'The Other Side of Silence' - നിശബ്ദതയുടെ മറുവശം - എന്ന കൃതി ആരുടെ രചനയാണ്?

(A) ഉർവ്വശി ബട്ടാലിയ

(B) ഖുശ്വന്ത് സിംഗ്

(C) മഹാശ്വേതാ ദേവി

(D) ഭീഷം സഹാനി

5. കുഞ്ഞാലി മരക്കാരെക്കുറിച്ചുള്ള തെറ്റായ പ്രസ്താവന ഏത്?

(i) കോഴിക്കോട് സാമൂതിരിയുടെ നാവിക തലവന്മാരാണ്

(ii) കേരളത്തിലെ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ശക്തമായി പോരാടി

(iii) തിരുവിതാംകൂറിന്റെ സൈനാധിപന്മാരെയാണ് കുഞ്ഞാലി മരക്കാർ എന്നു വിളിക്കുന്നത്

(iv) ഇന്ത്യയിൽ പോർട്ടുഗീസ് ആധിപത്യം തകരാനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടതാണ് കുഞ്ഞാലി മരക്കാരുടെ എതിർപ്പ്

(A) (i), (iv) മാത്രം
(B) (ii), (iii) മാത്രം
(C) (iii), (iv) മാത്രം
(D) (ii), (iv) മാത്രം

6. വികസിത് ഭാരത് - ജി റാം ജി (VBGRAMG) നിയമം - താഴെ തന്നിരിക്കുന്ന വയിൽ ഇതിന്റെ സവിശേഷതകൾ തിരഞ്ഞെടുക്കുക :

(i) MGNREGA പദ്ധതിക്ക് പകരം നടപ്പിലാക്കിയത്

(ii) 2026 ജൂലായ് 1-ന് നിലവിൽ വന്നു

(iii) തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ചു. ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾക്ക് പകരം ഒരു ഗ്രാമീണ കുടുംബത്തിന് 125 ദിവസത്തെ തൊഴിൽ ദിനങ്ങൾ ഉറപ്പു നൽകുന്നു

(iv) ഗ്രാമങ്ങളിലെ ജലസംരക്ഷണം, കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുക്കൽ മികച്ച ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു

(A) (i), (iv) മാത്രം
(B) (i), (iii) മാത്രം
(C) (ii) മാത്രം
(D) (i), (ii), (iii), (iv) (ഇവയെല്ലാം)

7. അന്താരാഷ്ട്ര തണ്ണീർത്തട ഉടമ്പടി - റാംസാർ ഉച്ചകോടി പ്രകാരം തെരഞ്ഞെടുത്ത നീർപറവ സംരക്ഷണകേന്ദ്രം :

(A) നൽസരോവർ പക്ഷി സങ്കേതം
(B) രംഗനത്തിട്ടു പക്ഷി സങ്കേതം
(C) പുലിക്കാട് തടാകം
(D) കിയോലാഡിയ ദേശീയ പാർക്ക്

8. യുനസ്കോയുമായി ചേർന്ന് ഇന്ത്യ നടപ്പിലാക്കിവരുന്ന പ്രോജക്ട് ഹാങ്കൂൽ ഏത് വന്യമൃഗവുമായി ബന്ധപ്പെട്ടതാണ്?

(A) കടുവ

(B) കസ്തൂരിമാൻ

(C) ക്രോക്കഡൈൽ

(D) ഒറ്റക്കൊമ്പൻ കണ്ടാമൃഗം

9. താഴെ പറയുന്ന നദികൾ ഒഴുകുന്ന ദിശ കണ്ടെത്തുക :
സുബർണരേഖ, ബൈതർണി, ബ്രാഹ്മണി, പാലാർ

(A) വടക്കോട്ട് ഒഴുകുന്ന നദികൾ

(B) പടിഞ്ഞാറോട്ട് ഒഴുകുന്ന നദികൾ

(C) കിഴക്കോട്ട് ഒഴുകുന്ന നദികൾ

(D) തെക്കോട്ട് ഒഴുകുന്ന നദികൾ

10. ഉഷ്ണമേഖലയിലെ ചംക്രമണകോശമാണ് :

(A) ഹാഡ്ലി സെൽ

(B) ഫെറൽ സെൽ

(C) പോളാർ സെൽ

(D) ഐ.റ്റി.സി.ഇസഡ്. (ITCZ)

11. ട്രാൻസ്ഹ്യുമാൻസ് എന്ന പദം ഏതുമായി പൊരുത്തപ്പെടുന്നു?

(A) കന്നുകാലികളുമായി കാലാവസ്ഥയനുസരിച്ചുള്ള ദേശാടനം

(B) ആസൂത്രിതവും മൂലധന കേന്ദ്രീകരണവുമുള്ള മൃഗപരിപാലനം

(C) സ്ഥാനാന്തര കൃഷി അഥവാ ഷിഫ്റ്റിംഗ് കൾട്ടിവേഷൻ

(D) തീവ്ര ഉപജീവന കൃഷി

12. താഴെ തന്നിരിക്കുന്നവയിൽ ശരിയായി ചേരുന്നത് ഏത്?

(A) 25 ജനുവരി 1950 - ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ - ദേശീയ വോട്ടർ ദിനം

(B) 25 ജനുവരി 1950 - പ്ലാനിംഗ് കമ്മീഷൻ ഓഫ് ഇന്ത്യ - നീതി ആയോഗ്

(C) 26 ജനുവരി 1950 - ഫെഡറൽ പബ്ലിക് സർവ്വീസ് കമ്മീഷൻ - ആർട്ടിക്കിൾ 310

(D) 31 ജനുവരി 1992 - ദേശീയ പട്ടികജാതി കമ്മീഷൻ - 89-ാം ഭരണഘടന ഭേദഗതി

13. പണപ്രദാനത്തെ (money supply) നിർണ്ണയിക്കുന്ന ഘടകങ്ങളിൽ ഒന്നാണ് കറൻസി നിക്ഷേപ നിരക്ക് (Currency Deposit Ratio). ഇത് ചുവടെ പറയുന്ന ഏതൊക്കെ കാര്യങ്ങൾ തമ്മിലുള്ള അനുപാതമാണ്?

(A) കറൻസിയുടെ രൂപത്തിൽ പൊതുജനങ്ങൾ കൈവശം വയ്ക്കുന്ന പണവും ബാങ്കുകളിൽ അവർ നടത്തുന്ന നിക്ഷേപവും

(B) വാണിജ്യബാങ്കുകളുടെ കരുതൽ ധനവും അവയുടെ മൊത്തം നിക്ഷേപവും

(C) ഹൈ പവേഡ് പണവും (High Powered Money) വാണിജ്യ ബാങ്കുകളുടെ കരുതൽ ധനവും

(D) ഇവയൊന്നുമല്ല

14. ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികളുടെ (Five Year Plans) ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നത് ചുവടെ പറയുന്നവയിൽ ഏതൊക്കെയാണ്?

(i) സാമ്പത്തിക വളർച്ച

(ii) ആധുനികവത്കരണം

(iii) നീതി

(iv) സ്വാശ്രയത്വം

(A) (i) മാത്രം

(B) (i) ഉം (ii) ഉം

(C) (i) ഉം (iv) ഉം

(D) (i) ഉം (ii) ഉം (iii) ഉം (iv) ഉം

15. ചുവടെ പറയുന്നവയിൽ സ്വർണ്ണ വിപ്ലവ (Golden Revolution) വുമായി ബന്ധപ്പെട്ട ഇനങ്ങൾ ഏവ?

(i) മുട്ട

(ii) പഴം

(iii) മത്സ്യം

(iv) പച്ചക്കറി

(v) പൂവ്

(A) (i) മാത്രം

(B) (ii), (iv), (v) എന്നിവ

(C) (i), (iii) എന്നിവ

(D) മുകളിൽ പറഞ്ഞവയെല്ലാം

16. ഇന്ത്യൻ കാർഷിക ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കിയ ഒരു വിപ്ലവമാണ് 1960 കളിലെ ഹരിത വിപ്ലവം (Green Revolution). ഗുണങ്ങൾ നൽകിയതുപോലെ ഇതുണ്ടാക്കിയ ദോഷവശങ്ങളും പലതാണ്. ചുവടെ പറയുന്നവയിൽ നിന്നും ആ ദോഷവശങ്ങൾ ഏതൊക്കെയെന്ന് പറയുക :

(i) ധനിക കർഷകരും ദരിദ്ര കർഷകരും തമ്മിലുള്ള സാമ്പത്തിക അന്തരം കൂടി

(ii) അത്യുത്പാദനശേഷിയുള്ള വിത്തുകളിൽ കീടബാധ ധാരാളമുണ്ടായി

(iii) കാർഷിക ഉത്പന്നങ്ങളുടെ ബഫർ സ്റ്റോക്ക് (Buffer stock) കൂടി

(iv) കാർഷിക മേഖലയിൽ ഉത്പാദനം കുറഞ്ഞു

(A) പ്രസ്താവനകൾ (i) ഉം (ii) ഉം

(B) പ്രസ്താവനകൾ (ii) ഉം (iii) ഉം

(C) പ്രസ്താവനകൾ (i) ഉം (ii) ഉം (iii) ഉം

(D) എല്ലാ പ്രസ്താവനകളും

17. ചുവടെ പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ കൂട്ടത്തിൽ ചേരാത്തത് ഏവ?

(i) സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

(ii) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

(iii) യൂക്കോ ബാങ്ക്

(iv) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ

(A) (i) മാത്രം

(B) (ii) മാത്രം

(C) (iv) മാത്രം

(D) (i) ഉം (iv) ഉം

18. ഇന്ത്യയിൽ പരുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉയർന്ന വിളവ് നൽകുന്നതിനും ദീർഘകാലം നിലനിൽക്കുന്നതുമായ പരുത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള 600 കോടി രൂപ ചെലവിലെ സർക്കാരിന്റെ ഒരു കാർഷിക സംരംഭം ഏത്?

(A) പുനർജീവനം (B) നിറപ്പൊലിമ

(C) കപാസ് ക്രാന്തി (D) റിതു ഭീമ

19. ഭരണഘടനാ നിർമ്മാണ സഭയുമായി ബന്ധപ്പെട്ട, ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക :

(i) ഭരണഘടനാ നിർമ്മാണസഭയുടെ ആദ്യ സമ്മേളനം നടന്നത് 1946 ഡിസംബർ 9-നാണ്

(ii) ഭരണഘടനാ നിർമ്മാണ സഭ ഭരണഘടനയ്ക്ക് അംഗീകാരം നൽകിയത് 1950 നവംബർ-26-നാണ്

(iii) ഭരണഘടനാ നിർമ്മാണ സഭ രൂപീകൃതമായപ്പോൾ 389 അംഗങ്ങളുണ്ടായിരുന്നു

(iv) ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യത്തെ അധ്യക്ഷൻ ഡോ.ബി.ആർ. അംബേദ്കർ ആണ്

(A) (i) ഉം (ii) ഉം

(B) (iii) ഉം (iv) ഉം

(C) (i) ഉം (iii) ഉം

(D) (ii) ഉം (iv) ഉം

20. ഭരണഘടനാ ഭേദഗതികളുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയല്ലാത്തവ ഏതെല്ലാം?

(i) 1976-ലെ 42-ാം ഭേദഗതി "ചെറു ഭരണഘടന" എന്നറിയപ്പെടുന്നു.

(ii) 2023-ലെ 106-ാം ഭരണഘടനാ ഭേദഗതി വനിതാസംവരണ ബില്ലുമായി ബന്ധപ്പെട്ടതാണ്

(iii) ദേശീയ പിന്നാക്ക വിഭാഗ കമ്മീഷന് ഭരണഘടനാ പദവി നൽകിയ ഭേദഗതി 2022-നാണ് പാർലമെന്റിൽ അവതരിപ്പിച്ചത്.

(iv) വിദ്യാഭ്യാസം മൗലികാവകാശമാക്കപ്പെട്ടത് 44-ാം ഭേദഗതി അനുസരിച്ചാണ്

(v) അനുഛേദം 368 പ്രകാരം ഭരണഘടനാ ഭേദഗതി ചെയ്യാനുള്ള അധികാരം പ്രധാനമന്ത്രിക്കാണ്

(A) (i) & (iv)

(B) (i) & (ii)

(C) (i), (ii) & (iii)

(D) (iii), (iv) & (v)

21. താഴെപ്പറയുന്ന പ്രസ്താവനകളിൽ ലോകസഭയുമായി ബന്ധപ്പെട്ടവ ഏതെല്ലാം?

(i) സംസ്ഥാന പട്ടികയിലുള്ള ഏതെങ്കിലും വിഷയം രാജ്യത്തിന്റെ പൊതുതാല്പര്യം പരിഗണിച്ച് യൂണിയൻ ലിസ്റ്റിലേക്കോ കൺകറന്റ് ലിസ്റ്റിലേക്കോ മാറ്റാനുള്ള അധികാരം ഉണ്ട്

(ii) ധനേതര ബില്ലുകൾ പരിഗണിക്കുകയും പാസ്സാക്കുകയും ധനബില്ലുകൾക്ക് ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു

(iii) അവിശ്വാസ പ്രമേയത്തിലൂടെ ഗവൺമെന്റിനെ പുറത്താക്കാനുള്ള അധികാരം ഉണ്ട്

(iv) മൂന്നിലൊന്ന് അംഗങ്ങൾ ഓരോ രണ്ട് വർഷവും കൂടുമ്പോൾ പിരിഞ്ഞു പോകുന്നു

(A) (i) ഉം (iv) ഉം (B) (iv) മാത്രം

(C) (iii) ഉം (iv) ഉം (D) (iii) മാത്രം

22. ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ സവിശേഷതകളിൽ ഉൾപ്പെടുന്ന വ്യവസ്ഥകൾ ഏതെല്ലാം?

(i) അഖിലേന്ത്യാ സർവ്വീസിലൂടെയുള്ള നിയന്ത്രണം

(ii) കേന്ദ്ര-സംസ്ഥാന പ്രാദേശിക ഗവൺമെന്റുകൾക്ക് അധികാരം വിഭജിച്ച് നൽകുന്നു

(iii) കാര്യനിർവ്വഹണ വിഭാഗം, നീതിന്യായ വിഭാഗം, നിയമ നിർമ്മാണ വിഭാഗം എന്നിവയ്ക്ക് അധികാരം വിഭജിച്ച് നൽകുന്നു

(iv) കൂടുതൽ അധികാരങ്ങളും പ്രധാന അധികാരങ്ങളും കേന്ദ്ര ഗവൺമെന്റിനാണ്

(A) (i) ഉം (ii) ഉം (B) (i) ഉം (iv) ഉം

(C) (ii) ഉം (iii) ഉം (D) ഇവയൊന്നുമല്ല

23. ശരിയായ പ്രസ്താവന ഏത്?

(i) 1952 ലെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലൂടെയാണ് ഇന്ത്യയിൽ തദ്ദേശ ഗവൺമെന്റുകൾക്ക് തുടക്കം കുറിച്ചത്.

(ii) ഇന്ത്യയിൽ പഞ്ചായത്തി രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി ശുപാർശ ചെയ്തത് പി.കെ. തുംഗൻ കമ്മിറ്റിയാണ്

(iii) ഹനുമന്തറാവു കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇന്ത്യയിലാദ്യമായി പഞ്ചായത്തി രാജ് സംവിധാനം നടപ്പിലാക്കിയത് രാജസ്ഥാനിലാണ്

(iv) ഓരോ 5 വർഷം കൂടുമ്പോഴും സംസ്ഥാന ഗവൺമെന്റ് ഒരു സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിക്കുന്നു

(A) (i), (ii) & (iv) (B) (ii) & (iii)

(C) എല്ലാം ശരി (D) (i), (iii) & (iv)

24. അഭയ കിരണം പദ്ധതിയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഏതെല്ലാം?

(i) അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ വീതം ധനസഹായം അനുവദിക്കുന്നു

(ii) വനിതാ ശിശുക്ഷേമ വകുപ്പിന്റെ പദ്ധതിയാണ് അഭയ കിരണം

(iii) ആരോഗ്യ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് അഭയ കിരണം

(iv) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 50 വയസ്സിനു മേൽ പ്രായമുള്ളതും പ്രായപൂർത്തിയായ മക്കൾ ഇല്ലാത്തതുമായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ളത്

(A) (i), (ii) & (iv)

(B) (iii) & (iv)

(C) (i) & (iv)

(D) (i) & (ii)

25. ചേരുംപടി ചേർക്കുക :

(i)	മുഖ്യമന്ത്രിയുടെ പരാതി പരിഹാര ടോൾഫ്രീ നമ്പർ	(1)	1091
(ii)	വനിതാ ഹെൽപ്പ് ലൈൻ നമ്പർ	(2)	1076
(iii)	എയ്ഡ്സ് ഹെൽപ്പ് ലൈൻ നമ്പർ	(3)	1515
(iv)	പിങ്ക് പോലീസ് പട്രോൾ നമ്പർ	(4)	1097

(A) (i)-(4), (ii)-(2), (iii)-(3), (iv)-(1)

(B) (i)-(2), (ii)-(3), (iii)-(1), (iv)-(4)

(C) (i)-(2), (ii)-(1), (iii)-(4), (iv)-(3)

(D) (i)-(2), (ii)-(4), (iii)-(1), (iv)-(3)

26. സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായ പ്രസ്താവന ഏതെല്ലാം?

(i) 1967-ൽ രൂപം കൊണ്ട കേരള ആസൂത്രണ ബോർഡിന്റെ അധ്യക്ഷൻ മുഖ്യമന്ത്രിയാണ്

(ii) വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും സാമ്പത്തിക വളർച്ച വിലയിരുത്തുന്നതിനുമുള്ള സംസ്ഥാന സർക്കാറിന്റെ ഒരു ഉപദേശക സമിതിയാണ് കേരള സംസ്ഥാന ആസൂത്രണ ബോർഡ്

(iii) ആസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും ഇക്കണോമിക് റിവ്യൂ പ്രസിദ്ധീകരിക്കുന്നു

(iv) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന്റെയും പ്രവർത്തനങ്ങളുടെയും ഏകോപനം നിർവഹിക്കുന്നത് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വികേന്ദ്രീകരണ ആസൂത്രണ വിഭാഗം ആണ്

(A) (i) ഉം (ii) ഉം

(B) (ii) ഉം (iv) ഉം

(C) (i) മാത്രം ശരി

(D) എല്ലാം ശരി

27. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക :

(i) 2027-ലെ സെൻസസ് 1872-ന് ശേഷമുള്ള പതിനേഴാമത്തെ സെൻസസ് ആണ്

(ii) സെൻസസ് ഇന്ത്യൻ ഭരണഘടനയിലെ ഏഴാം ഷെഡ്യൂളിലെ 69-ാം നമ്പറിൽ യൂണിയൻ ലിസ്റ്റിൽ (ആർട്ടിക്കിൾ : 246) ഉൾപ്പെടുത്തിയിരിക്കുന്നു

(iii) 2011-ലെ സെൻസസ് വരെ മുടക്കമില്ലാതെ പത്ത് വർഷത്തിലൊരിക്കൽ ഇന്ത്യയിൽ സെൻസസ് നടത്തിയിരുന്നു

(iv) സ്വതന്ത്ര ഇന്ത്യയുടെ എട്ടാമത് സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സെൻസസ് കമ്മീഷണർ മൃത്യുഞ്ജയ് കുമാർ നാരായൺ ആണ്

(A) (i) ഉം (iv) ഉം

(B) (iv) മാത്രം

(C) (ii) ഉം (iii) ഉം (iv) ഉം

(D) (i) ഉം (iii) ഉം (iv) ഉം

28. കേരള സംസ്ഥാന ഗവൺമെന്റിന്റെ വിവിധ ആരോഗ്യ സാമൂഹ്യ സുരക്ഷാ പദ്ധതികളും ഗുണഭോക്താക്കളും ഉൾപ്പെട്ട പട്ടിക ചുവടെ കൊടുത്തിരിക്കുന്നു. ശരിയായ ജോഡികൾ ഏതെല്ലാം?

(i)	ശ്രുതി തരംഗം	വയോജനങ്ങൾ
(ii)	അമൃതം ആരോഗ്യം	പ്രമേഹ രോഗികൾ
(iii)	കെയർ ഗിവർ പദ്ധതി	കുട്ടികൾ
(iv)	മെഡിസെപ്പ്	സർക്കാർ ജീവനക്കാർ
(v)	താലോലം	കുട്ടികൾ

(A) (i), (ii), (v)
(B) (ii), (iv), (v)
(C) (i), (iii), (iv)
(D) എല്ലാം ശരി

29. ക്ലമീഡിയയ്ക്ക് കാരണമാകുന്ന സൂക്ഷ്മജീവി ഏത്?

(A) ബാക്ടീരിയ
(B) ഫംഗസ്
(C) വൈറസ്
(D) പ്രോട്ടോസോവ

30. പെല്ലാഗ്ര രോഗം ഏത് വിറ്റാമിന്റെ അഭാവം മൂലമാണ് ഉണ്ടാകുന്നത്?

(A) വിറ്റാമിൻ ബി1
(B) വിറ്റാമിൻ ബി2
(C) വിറ്റാമിൻ സി
(D) വിറ്റാമിൻ ബി3

31. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ പേശി :

(A) ക്വാഡ്രിസെപ്സ്
(B) ബൈസെപ്സ്
(C) സ്റ്റാപീഡിയസ്
(D) ഗ്ലൂട്ടിയസ് മാക്സിമസ്

32. മനുഷ്യന്റെ പിൻകാലിലെ അസ്ഥികൾ ഏവ?

(i) അൾന, റേഡിയസ്
(ii) ടിബിയ, ഫിബുല
(iii) ടാർസലുകൾ, മെറ്റാടാർസലുകൾ
(iv) ഹ്യൂമറസ്, കാർപ്പലുകൾ

(A) (i) മാത്രം ശരിയാണ്
(B) (iv) മാത്രം ശരിയാണ്
(C) (ii), (iii) എന്നിവ ശരിയാണ്
(D) (ii), (iv) എന്നിവ ശരിയാണ്

33. അറബിക്കടലിൽ സി.എം.എഫ്.ആർ.ഐ. അടുത്തിടെ കണ്ടെത്തിയ പുതിയ ആഴക്കടൽ മത്സ്യം ഏത്?

(A) ബാരിലിയസ് ഇംഫാലെൻസിസ്

(B) സൈറ്റോപ്സിസ് ഇൻഡിക്ക

(C) മലക്കോസ്റ്റിയസ് നൈജർ

(D) സിനാഗ്രിസ്

34. പാസ്കൽ നിയമം ബന്ധപ്പെട്ടത് :

(A) സമ്മർദ്ദം (B) താപം

(C) പ്രകാശം (D) വൈദ്യുതി

35. ഗ്യാസിന്റെ ഊർജ്ജം ആശ്രയിക്കുന്നത് :

(A) താപനില (B) വേഗം

(C) സമയം (D) ദൂരം

36. പ്ലെയിൻ മിററിൽ രൂപം എങ്ങിനെയാണ്?

(A) യാഥാർത്ഥ്യ രൂപം (B) കല്പിത രൂപം

(C) മറിഞ്ഞത് (D) വലുതായത്

37. ഡിപ്ലീഷൻ മേഖല എന്താണ്?

(A) ചാർജ്ജ് ഇല്ലാത്ത മേഖല (B) ചാർജ്ജ് നിറഞ്ഞ മേഖല

(C) മെറ്റൽ ഭാഗം (D) ഒന്നുമല്ല

38. ഒരു വസ്തു വിശ്രമാവസ്ഥയിൽ തുടരാൻ കാരണം :

(A) ബലം (B) ജഡത്വം

(C) ഊർജ്ജം (D) വേഗം

39. കോൺകേവ് ലെൻസ് എന്താണ് ചെയ്യുന്നത്?

(A) പ്രകാശം ഏകാഗ്രമാക്കുന്നു

(B) പ്രകാശം പരത്തുന്നു

(C) പ്രകാശം ആഗിരണം ചെയ്യുന്നു

(D) പ്രകാശം പ്രതിഫലിപ്പിക്കുന്നു

40. ചന്ദ്രനിൽ ഇന്ത്യയുടെ പൂർത്തിയായ ദൗത്യം ഏതാണ്?

(A) മംഗൾയാൻ
(B) ചന്ദ്രയാൻ-2
(C) ചന്ദ്രയാൻ-3
(D) ഗഗൻയാൻ

41. താഴെ പറയുന്നവയിൽ ഏറ്റവും ശക്തി കുറഞ്ഞ ആസിഡ് ഏത്?

(A) പ്രൊപ്പനോയിക് ആസിഡ്
(B) അസറ്റിക് ആസിഡ്
(C) ട്രൈക്ലോറോ അസറ്റിക് ആസിഡ്
(D) ക്ലോറോ അസറ്റിക് ആസിഡ്

42. മൂലകങ്ങളുടെ ആവർത്തനപട്ടികയിൽ പിരീഡ് നമ്പർ എന്തിനെ സൂചിപ്പിക്കുന്നു?

(A) ആറ്റോമിക നമ്പർ
(B) പ്രിൻസിപ്പൽ ക്വാണ്ടം നമ്പർ
(C) അസിമൂത്തൽ ക്വാണ്ടം നമ്പർ
(D) ആറ്റോമിക ഭാരം

43. താഴെ പറയുന്ന ലാന്തനോയിഡുകളിൽ +3 ഓക്സീകരണാവസ്ഥയെ കൂടാതെ +2 ഓക്സീകരണാവസ്ഥ കാണിക്കുന്ന മൂലകം ഏത്?

(A) സീറിയം
(B) യൂറോപ്പിയം
(C) തൂലിയം
(D) പ്രൊമിത്തിയം

44. താഴെ പറയുന്ന ജോഡികളിൽ ഒരേ ആറ്റോമിക ആരമുള്ള മൂലകങ്ങൾ ഏത്?

(A) Sc & Ni
(B) Zr & Hf
(C) Mo & W
(D) Mn & Re

45. ഒരു ആറ്റത്തിന്റെ മൂന്നാമത്തെ ഷെല്ലിൽ ഉൾക്കൊള്ളിക്കാവുന്ന പരമാവധി ഓർബിറ്റലുകളുടെ എണ്ണം :

(A) 2
(B) 5
(C) 3
(D) 9

46. രസതന്ത്രത്തിലും സമാധാനത്തിനും നോബൽ സമ്മാനം നേടിയ വ്യക്തി :

(A) മാഡം ക്യൂറി
(B) ലിനസ് പോളിങ്
(C) ജോൺ ബർഡീൻ
(D) ഫ്രെഡ് സാംഗർ

47. ചുവടെ കൊടുത്തിട്ടുള്ളവയിൽ ആഗമസന്ധിക്ക് ഉദാഹരണമേത്?

(A) അതല്ല
(B) തീക്കനൽ
(C) വഴിയാകും
(D) വിണ്ടലം

48. 'തപോമയിയുടെ അച്ഛൻ' എന്ന നോവൽ രചിച്ചതാര്?

(A) ഇ. സന്തോഷ് കുമാർ
(B) കെ.ആർ. മീര
(C) സന്തോഷ് ഏച്ചിക്കാനം
(D) സാറാ ജോസഫ്

49. കുചേലവൃത്തം വഞ്ചിപ്പാട്ടിൽ കാണപ്പെടുന്ന വൃത്തമേത്?

(A) നതോന്നത
(B) മന്ദാക്രാന്ത
(C) വസന്തതിലകം
(D) വിയോഗിനി

50. നന്തനാർ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരനാര്?

(A) പി.സി. കുട്ടികൃഷ്ണൻ
(B) എം.കെ. മേനോൻ
(C) കെ.കെ. നീലകണ്ഠൻ
(D) പി.സി. ഗോപാലൻ

51. ഉപയോക്താവിനും കമ്പ്യൂട്ടർ ഹാർഡ് വെയറിനും ഇടയിൽ ഒരു ഇന്റർഫേസായി (interface) പ്രവർത്തിക്കുന്ന സോഫ്റ്റ്വെയർ ഏതാണ്?

(A) വേർഡ് പ്രോസസർ
(B) ഓപ്പറേറ്റിംഗ് സിസ്റ്റം
(C) ബാർകോഡ് റീഡർ
(D) യൂട്ടിലിറ്റി സോഫ്റ്റ്വെയർ

52. സർക്കാർ സേവനങ്ങൾ പൗരന്മാർക്ക് ഓൺലൈനായി ലഭ്യമാക്കുന്ന ഇ-ഗവേണൻസ് മാതൃക ഏതാണ്?

(A) G2B
(B) G2C
(C) G2E
(D) G2G

53. വ്യാജ ഇ-മെയിലുകളോ വെബ്സൈറ്റുകളോ ഉപയോഗിച്ച് വ്യക്തികളുടെ രഹസ്യവിവരങ്ങൾ തട്ടിയെടുക്കുന്ന സൈബർ കുറ്റകൃത്യം ഏതാണ്?

(A) ഫിഷിംഗ്
(B) ഹാക്കിംഗ്
(C) സൈബർ ബുള്ളിയിംഗ്
(D) സ്പാമിംഗ്

54. താഴെപ്പറയുന്നവയിൽ സെക്കൻഡറി മെമ്മറിയുടെ ഉദാഹരണം ഏതാണ്?

(A) റാം (RAM)
(B) രജിസ്റ്റർ
(C) കാഷെ മെമ്മറി
(D) ഹാർഡ് ഡിസ്ക്

55. 2025 ഡിസംബർ 10 മുതൽ 16 വയസ്സിന് താഴെയുള്ളവർക്ക് സോഷ്യൽ മീഡിയ അക്കൗണ്ടുകൾ നിയന്ത്രിച്ച രാജ്യം ഏതാണ്?

(A) ഇന്ത്യ
(B) ഓസ്ട്രേലിയ
(C) ജപ്പാൻ
(D) കാനഡ

56. ഒരേ മുതൽ, പലിശ നിരക്ക്, സമയം എന്നിവയ്ക്ക്, ഒരു വർഷം കഴിഞ്ഞാൽ സാധാരണ പലിശയും കൂട്ടുപലിശയും

(A) സാധാരണ പലിശ കൂടുതലാണ്
(B) സാധാരണ പലിശയുടെ രണ്ട് മടങ്ങാണ് കൂട്ടുപലിശ
(C) കൂട്ടുപലിശ കൂടുതലാണ്
(D) തുല്യമാണ്

57. $3^5 \times 4^2 \times 5^3$ എന്ന സംഖ്യയുടെ ഘടകങ്ങളുടെ എണ്ണം എത്ര?

(A) 72 (B) 120

(C) 60 (D) 30

58. ഒരു സംഖ്യ 20% വർദ്ധിച്ചപ്പോൾ 240 ആയി എന്നാൽ സംഖ്യ ഏത്?

(A) 180 (B) 190

(C) 200 (D) 220

59. ഒരു ബഹുഭുജത്തിന്റെ കോണുകളുടെ അളവുകളുടെ തുക $3{,}780^\circ$ ആയാൽ അതിന്റെ വശങ്ങളുടെ എണ്ണം എത്ര?

(A) 21 (B) 22

(C) 23 (D) 24

60. $\frac{3}{5}, \frac{5}{7}, \frac{2}{9}$ എന്നീ ഭിന്നസംഖ്യകളെ ആരോഹണക്രമത്തിൽ എഴുതിയാൽ ചുവടെ കൊടുത്തിട്ടുള്ള ഏത് ക്രമത്തിലാണ് വരിക?

(A) $\frac{3}{5}, \frac{2}{9}, \frac{5}{7}$ (B) $\frac{5}{7}, \frac{3}{5}, \frac{2}{9}$

(C) $\frac{2}{9}, \frac{3}{5}, \frac{5}{7}$ (D) $\frac{2}{9}, \frac{5}{7}, \frac{3}{5}$

61. ഒരു ക്ലാസ്സിലെ 30 കുട്ടികളുടെ ശരാശരി വയസ്സ് 11 ആണ്. ടീച്ചറുടെ വയസ്സും കൂട്ടിച്ചേർത്തപ്പോൾ, ശരാശരി വയസ്സ് 12 ആയി. എന്നാൽ ടീച്ചറുടെ വയസ്സ് എത്ര?

(A) 40 (B) 42

(C) 44 (D) 46

62. താഴെ കൊടുത്തിരിക്കുന്ന ശ്രേണിയുടെ അടുത്ത പദം ഏത്?

2, 3, 5, 8, 12, ____

(A) 15 (B) 17

(C) 21 (D) 23

63. 2^{100}ന്റെ പകുതി 2 ന്റെ എത്രാമത്തെ കൃതിയാണ്?

(A) 50 (B) 98

(C) 99 (D) 2

64. $18+6\times(5-2)\div 3=$

(A) 20 (B) 22
(C) 36 (D) 24

65. ഒരു സാധനം 900 രൂപയ്ക്ക് വാങ്ങി 1,080 രൂപയ്ക്ക് വിറ്റു എങ്കിൽ ലാഭശതമാനം എത്ര?

(A) 15% (B) 20%
(C) 18% (D) 25%

66. $\frac{1}{2}+\frac{1}{6}+\frac{1}{12}+.....+\frac{1}{9900}$ എന്ന ശ്രേണിയുടെ തുക എത്രയാണ്?

(A) $\frac{98}{99}$ (B) $\frac{99}{100}$
(C) $\frac{100}{101}$ (D) $\frac{101}{102}$

67. ഒരു വൃത്തത്തിലെ കുറച്ചു ബിന്ദുക്കൾ ഉപയോഗിച്ച് ആകെ 120 ത്രികോണങ്ങൾ നിർമ്മിക്കാൻ കഴിയുമെങ്കിൽ ഉപയോഗിച്ച ബിന്ദുക്കളുടെ എണ്ണമെത്ര?

(A) 8 (B) 9
(C) 10 (D) 11

68. 100 പേരടങ്ങുന്ന ഒരു സംഘത്തിൽ 45 പേർ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നവരും, 32 പേർ മലയാളഭാഷ മാത്രം സംസാരിക്കുന്നവരുമാണ്. എങ്കിൽ ഈ രണ്ടു ഭാഷകളിൽ ഒന്നുപോലും സംസാരിക്കാൻ അറിയാത്ത എത്രപേർ ഈ സംഘത്തിലുണ്ട്?

(A) 20 (B) 21
(C) 22 (D) 23

69. ഒരു ക്ലോക്കിൽ സമയം 6 മണിക്കൂർ 50 മിനിട്ട് ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയാണ്?

(A) 120° (B) 105°
(C) 95° (D) 100°

70. 0, 1, 2, 3, 4, 5, 6 എന്നീ അക്കങ്ങൾ ഉപയോഗിച്ച് അക്കങ്ങളൊന്നും ആവർത്തിക്കാതെ 5 കൊണ്ട് പൂർണ്ണമായി ഹരിക്കാൻ കഴിയുന്ന എത്ര നാലക്ക സംഖ്യകൾ നിർമ്മിക്കാൻ കഴിയും?

(A) 200 (B) 210
(C) 220 (D) 230

71. Yesterday, She _____ (go) home only after she _____ (finish) her work.

(A) went, finished
(B) gone, finished
(C) went, had finished
(D) gone, had finished

72. If I were a snail, I _____ (move forward).

(A) would move forward
(B) would move forwarded
(C) will move forward
(D) move forward

73. Ram said, "I went home". Change into reported speech :

(i) Ram said that he went home
(ii) Ram said that he gone home
(iii) Ram said that he had gone home

(A) Only (i) & (ii)
(B) Only (i) & (iii)
(C) Only (ii) & (iii)
(D) All of the above ((i), (ii) & (iii))

74. Find out the correctly spelt word :

(A) Ettiquete
(B) Etiquette
(C) Etiqette
(D) Ettiqete

75. I need _____ some milk from the shop. Fill in the blanks using appropriate phrasal verb.

(A) get along with
(B) get over
(C) to get
(D) get through

76. The contractor _____ on the new office building, resulting in collapsed roof.

(A) Pros and cons
(B) under the weather
(C) Hit the sack
(D) cut corners

77. Find out the correct sentence or sentences :

(i) She lives in London
(ii) They lives in London
(iii) We live in London

(A) Only (i) & (iii)
(B) Only (i) & (ii)
(C) Only (i)
(D) Only (ii) & (iii)

78. "Sona is baking a cake". Change into passive voice :

(A) A cake is baked by Sona
(B) A cake is being baked by Sona
(C) Sona baked a cake
(D) Sona has baked a cake

79. The word "entrepreneur" is originated from the French word _____.

(A) entreprendar
(B) entreprend
(C) entreprendre
(D) entreprenda

80. One who offers one's services is known as _____.

(A) Optimist
(B) Theist
(C) Novice
(D) Volunteer

81. പിരിച്ചെഴുതുക :
ചാവുന്നു

(A) ച + ഉവുന്നു
(B) ചാ + ആവുന്നു
(C) ചാ + ഉന്നു
(D) ചാ + വുന്നു

82. സമാനപദം :
നാലുമുഖമുള്ളവൻ

(A) നാന്മുഖൻ
(B) നൽമുഖൻ
(C) നാലുമുഖൻ
(D) നറുമുഖൻ

83. പര്യായപദം :
പാൽ

(A) നിലാവ്, ചന്ദ്രിക
(B) വെളുപ്പ്, ധവളം
(C) ദുഗ്ധം, ക്ഷീരം
(D) നുര, പത

84. സ്ത്രീലിംഗം :
നരൻ

(A) നരന്മാർ
(B) നാരിമാർ
(C) നാരി
(D) നാരികൾ

85. ചേർത്തെഴുതുക :
എൻ + എ =

(A) എന്റെ
(B) എന്നെ
(C) എന്റെത്
(D) എന്നോട്

86. ശൈലികൾ :
പുര കത്തുമ്പോൾ വാഴ വെട്ടുക

(A) കാര്യ ഗൗരവമില്ലായ്മ
(B) സ്വാർത്ഥത
(C) ചിന്താശേഷി ഇല്ലായ്മ
(D) ഓർമ്മക്കുറവ്

87. വചനം :
തട്ടാൻ

(A) തട്ടാത്തി
(B) തട്ടാന്മാർ
(C) തട്ടാന്മാർകൾ
(D) തട്ടാത്തിമാർ

88. സമാനപദം :
ആന

(A) അജം
(B) ശ്വാനൻ
(C) മത്തേഭം
(D) കോകിലം

89. പദശുദ്ധി :
ശരിയായ പദം തിരഞ്ഞെടുത്ത് എഴുതുക

(A) അജണ്ട
(B) അജൻഡ
(C) അജൻണ്ട
(D) അജഡ

90. വിപരീതപദം :
നിന്ദിക്കുക

(A) വണങ്ങുക
(B) ഉയർത്തുക
(C) വന്ദിക്കുക
(D) ചിന്തിക്കുക

91. അളവ് തൂക്കങ്ങളുടെ ഏകീകരണത്തിനായി ഇന്ത്യയിൽ ഒരു നിയമം ആദ്യമായി നടപ്പിലാക്കിയ വർഷം :

(A) 1948 (B) 1956

(C) 1976 (D) 2009

92. ലീഗൽ മെട്രോളജി വകുപ്പ് നടപ്പിലാക്കുന്ന നിയമം/ചട്ടം തിരഞ്ഞെടുക്കുക :

(A) സീഡ്സ് നിയമം

(B) ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക് നിയമം

(C) പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടം

(D) മായം ചേർക്കൽ നിരോധന നിയമം

93. തന്നിരിക്കുന്ന ഓപ്ഷനുകളിൽ, ലീഗൽ മെട്രോളജി വകുപ്പ് പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തുക എന്നത് നിയമപരമായ ബാധ്യത അല്ലാത്ത ഉപകരണം ഏതാണ്?

(A) വെർട്ടിക്കൽ സ്റ്റോറേജ് ടാങ്ക്

(B) വാട്ടർമീറ്റർ

(C) വാഹനങ്ങളുടെ ഫ്യുവൽ ടാങ്ക്

(D) സർവെയിങ് ചെയിൻ

94. ചുവടെ ചേർത്തിരിക്കുന്നവയിൽ ശരിയായവ/ശരിയായത് തിരഞ്ഞെടുക്കുക :

ലീഗൽ മെട്രോളജി നിയമം പ്രകാരം അളവ് തുക ഉപകരണങ്ങളുടെ കൃത്യത പരിശോധിച്ച് മുദ്ര പതിപ്പിക്കുന്നത് ആരാണ്? (Weights and measures shall be verified by….)

(i) Legal Metrology Officers

(ii) Legal Metrology Repairers

(iii) GATC's

(iv) Manufactures of weights and measures

(A) Only (ii)

(B) Only (iii)

(C) Only (i), (iv)

(D) Only (i), (iii)

95. ചുവടെ ചേർത്തിരിക്കുന്നവയിൽ ലീഗൽമെട്രോളജിയുമായി ബന്ധമില്ലാത്തത് :

(A) OIML
(B) RRSL
(C) NABL
(D) BIPM

96. ചുവടെ കൊടുത്തിട്ടുള്ള അളവ് തൂക്ക ഉപകരണങ്ങളിൽ മോഡൽ അപ്രൂവൽ ആവശ്യമുള്ളത് :

(A) കാസ്റ്റ് അയൺ വെയ്റ്റ്
(B) ബുള്ളിയൻ വെയ്റ്റ്
(C) നോൺ ഓട്ടോമാറ്റിക് വെയിങ് ഇൻസ്ട്രുമെന്റ്സ്
(D) ബീം സ്കെയിൽ

97. ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) ചട്ടങ്ങൾ പ്രകാരം ഒരു ഉൽപ്പന്ന പാക്കറ്റിനു പുറത്തു അതിന്റെ റീറ്റെയ്ൽ സെയിൽ പ്രൈസ് രേഖപ്പെടുത്താൻ അധികാരമുള്ളത് :

(A) നിർമ്മാതാവ്
(B) റീറ്റെയ്ൽ ഡീലർ
(C) ഹോൾസെയിൽ ഡീലർ
(D) ഉപഭോക്താവ്

98. ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) ചട്ടങ്ങൾ പ്രകാരം ഒരു ഉൽപ്പന്ന പാക്കറ്റിനു പുറത്തു അതിന്റെ തനിത്തൂക്കം (net weight) നിയമപരമായി രേഖപ്പെടുത്താവുന്ന യൂണിറ്റ് :

(i) കിലോഗ്രാം
(ii) ഗ്രാം
(iii) പൗണ്ട്

(A) (i) മാത്രം
(B) (ii) മാത്രം
(C) (i), (ii) മാത്രം
(D) (i), (ii), (iii) (എല്ലാം)

99. പെട്രോൾ പമ്പുകളിൽ ഡീസൽ/പെട്രോൾ വിതരണത്തിലെ അളവ് കൃത്യം ആണോയെന്ന് പരിശോധിക്കുന്നതിന് ഡീലർ സൂക്ഷിക്കേണ്ട അളവ് പാത്രത്തിന്റെ കപ്പാസിറ്റി :

(A) 1 ലിറ്റർ
(B) 5 ലിറ്റർ
(C) 2 ലിറ്റർ
(D) 0.5 ലിറ്റർ

100. ജൂവല്ലറികളിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസ്സുകളുടെ വെരിഫിക്കേഷൻ സ്കെയിൽ ഇന്റർവെൽ (e-value അഥവാ least count) എത്ര?

(i) 50 മില്ലിഗ്രാം
(ii) 20 മില്ലിഗ്രാം
(iii) 10 മില്ലിഗ്രാം

(A) (i) മാത്രം
(B) (ii) മാത്രം
(C) (iii) മാത്രം
(D) (i), (ii), (iii) (എല്ലാം)

SPACE FOR ROUGH WORK

SPACE FOR ROUGH WORK